# Malayala Manorma

# 18 June 2018

# Kerala : Heavy rain, Landslide, Death



## മഴ, ഉരുൾപൊട്ടൽ: രണ്ടു മരണം, മൂന്നുപേരെ കാണാതായി

**മനോരമ ലേഖകർ**

സംസ്ഥാനത്തു തുടരുന്ന കനത്ത മഴയിൽ വെള്ളത്തിൽ വീണ് തിരുവല്ലയിലും കണ്ണൂരിലും ഒരാൾവീതം മരിച്ചു. മലബാറിൽ മൂന്നുപേരെ കാണാതായി.

കേരള - കർണാടക വനാതിർത്തിയിലെ ഉരുൾപൊട്ടലിലാണു കണ്ണൂർ ജില്ലയിൽ മരണമുണ്ടായത്. ഇരിട്ടി കുന്നോത്ത് സ്വദേശി ശരത് (25) ആണ് ഒഴുക്കിൽപെട്ടു മരിച്ചത്. തിരുവല്ലയിലെ പാടശേഖരത്തിലെ വെള്ളത്തിൽ വലയിട്ട ശേഷം മീൻ നോക്കാൻ പോയ യുവാവ് മരിച്ചു. നിരണം വടക്കുംഭാഗം കൊല്ലംതാഴ്ചയിൽ ഷാജഹാന്റെയും സഹീറത്തിന്റെയും മകൻ മുഹമ്മദ് ഷെരീഫ് (23) മണ്ണെടുത്ത കുഴിയിലെ വെള്ളക്കെട്ടിൽ വീണാണു മരിച്ചത്.

കാണാതായവർ: പൊന്നാനിയിൽ മീൻപിടിത്തത്തിനിടെ ഫൈബർ വള്ളം മറിഞ്ഞ് താനൂർ അഞ്ചുടി സ്വദേശി കുട്ടിയമ്മുവിന്റെപുരയ്ക്കൽ ഹംസ (60), നിലമ്പൂർ വടപുറത്ത് കുതിരപ്പുഴയിൽ ഒഴുക്കിൽപെട്ടു കാണാതായ പട്ടരാക്ക പി.എം.ഫാറൂഖലിയുടെ മകൻ അബ്ദു റഹിമാൻ (23), നിലമ്പൂർ ഏനാന്തിയിൽ കരിമ്പുഴയുടെ തെയ്യത്തുംപാറ കടവിൽ ഒഴുക്കിൽപെട്ടു കാണാതായ കരുവാംകുഴി വാകകുണ്ടൻ നിസാമുദ്ദീൻ (ബാപ്പു-42).

വെള്ളം കയറി കണ്ണൂർ ജില്ലയിലെ അതിർത്തി ഗ്രാമങ്ങൾ ഒറ്റപ്പെട്ടു. ഉരുൾപൊട്ടൽ ഭീഷണിമൂലം ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം നിർത്തിവച്ചു.